(14) തലസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. വി. ശിവൻകുട്ടി : സർ, തലസ്ഥാന നഗര വികസനവുമായി ബന്ധപ്പെട്ട പദ്ധതി നാലാമത്തെ പി.ഡബ്ല്യു.ഡി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലാണ് ഈ വിഷയം പെടുത്തുന്നത്. ഇപ്പോൾ ഒരു ഭാഗ്യമെന്ന് പറയുന്നത്, തലസ്ഥാന നഗരിയിൽ നിന്നുതന്നെയുള്ള എംഎൽഎ. ആയ ബഹുമാനപ്പെട്ട എം. വിജയകുമാർ തന്നെയാണ് പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി. അതുകൊണ്ടുതന്നെ ഞാൻ ഈ പറയുന്ന കാര്യങ്ങളൊക്കെ അദ്ദേഹത്തിന് നന്നായി അറിയാവുന്നതാണ്. 532 കോടി രൂപയുടെ പദ്ധതിയാണ് 2004 മുതൽ ഇവിടെക്കിടന്ന് ഇഴഞ്ഞു നീങ്ങിപ്പോകുന്നത്. കേരള ഗവൺമെന്റിനുതന്നെ 125 കോടി രൂപയുടെ നഷ്ടം ഈ പദ്ധതി തലസ്ഥാന നഗരിയിൽ ആരംഭിച്ചശേഷം വന്നിരിക്കുകയാണ്. 2004 മാർച്ച് 15-ാം തീയതിയിലെ എഗ്രിമെന്റ് പ്രകാരമുള്ള പദ്ധതി 2006 ഒക്ടോബർ മാസം തീരേണ്ടതാണ്. അത് തീർന്നില്ലെന്നുള്ളതുകൊണ്ടാണ് കമ്പനിക്ക് ഏതാണ്ട് 125 കോടി രൂപ നഷ്ടം കൊടുക്കേണ്ടിവന്നത്. 42 കിലോമീറ്റർ റോഡ്, 84 കിലോമീറ്റർ ഓട, രണ്ട് മേൽപ്പാലങ്ങൾ, ഒരു അടിപ്പാത, ട്രാഫിക് സിഗ്നലുകൾ, സൈൻ ബോർഡുകൾ, 1200 മരങ്ങൾ, 94 ബസ്ബേകൾ അടക്കമാണ് ഈ പ്രോജക്ടിൽ പറഞ്ഞിരിക്കുന്നത്. ഇവയുടെ സംരക്ഷണവും 15 വർഷത്തേക്ക് ഈ കമ്പനിക്ക് കൊടുത്തിരിക്കുകയാണ്. ന്യായമായതോ അന്യായമായതോ ആയ എന്തൊക്കെ കാരണങ്ങൾ ഉണ്ടെങ്കിൽപ്പോലും ബഹുമാനപ്പെട്ട മന്ത്രി എം. വിജയകുമാറിന് തന്നെ അറിയാം തലസ്ഥാന നഗരിയിൽ ഇന്ന് ഇറങ്ങിനടക്കാൻ പറ്റാത്ത ഒരു സാഹചര്യമാണുള്ളതെന്ന്. ന്യായമായ കാരണങ്ങളായിരുന്നാലും അന്യായമായ കാരണങ്ങളായിരുന്നാലും എക്സാജറേറ്റ് ചെയ്ത്, കാണിക്കുന്ന കാരണങ്ങളായിരുന്നാലും ഇന്ന് വളരെയധികം പ്രയാസവും ബുദ്ധിമുട്ടും ആളുകൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കെഎസ്ടിപി-യുടെയും, പിഡബ്ല്യുഡി-യുടെയും, നാഷണൽ ഹൈവേയുടെയും, കെ.എസ്.ഇ.ബി.-യുടെയും, ജപ്പാൻ കുടിവെള്ള പദ്ധതിയുടെയും പ്രോജക്ടുകളുണ്ട്. ഈ പ്രോജക്ടുകൾക്കുവേണ്ടി തിരുവനന്തപുരം നഗരത്തിലെ എല്ലാ റോഡും കുഴിച്ചുകുളമാക്കിയിട്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സഭയിൽ നാലാമത്തെ മന്ത്രിയെന്നുള്ള നിലയിൽ അങ്ങയുടെ ഉറപ്പും അങ്ങയുടെ പ്രഖ്യാപനവും നടപ്പാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം വി. ശിവൻകുട്ടി ഇവിടെ പറഞ്ഞ കാര്യങ്ങൾ വസ്തുതകളാണ്. കാരണം, ഇതൊരു പ്രത്യേക പദ്ധതിയാണ്. ഇവിടെ സംഭവിച്ചത് 2004-ലെ കരാർ 2006-ൽ പൂർത്തീകരിക്കേണ്ടതാണ്. സ്ഥലം ഏറ്റെടുക്കാതെ ഒരു പദ്ധതി ആരംഭിക്കാമോ? അങ്ങനെതന്നെ പറയണം. അതും റോഡിനുള്ള സ്ഥലം ഏറ്റെടുക്കാതെ ഒരു പദ്ധതി ടെണ്ടർ ചെയ്ത് കരാറുകാരന്, അല്ലെങ്കിൽ കമ്പനിക്ക് കൊടുക്കുകയാണ്. കേരളത്തിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചു. ഇത് എന്തായാലും ഉപേക്ഷിക്കാൻ പറ്റില്ല, പൂർത്തിയാക്കണം. അതേസമയം ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം ഏറ്റെടുക്കാതെ ഒരു നിർമ്മാണവും ടെണ്ടർ ചെയ്യില്ലെന്ന് പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇപ്പോൾ ഒന്നും നടക്കില്ല. ഇനിയുള്ള കാര്യം നോക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ 2009ൽ കരാർ പുതുക്കി. പുതുക്കിയ കരാർ അനുസരിച്ച് ഇപ്പോൾ നിർമ്മാണം നടക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തകരപ്പറമ്പ് ഫ്ളൈഓവർ ഉൾപ്പെടുന്ന രണ്ട് റോഡുകൾ ഒഴിച്ചുള്ള ബാക്കി റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അത് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ-യുടെ നിയോജക മണ്ഡലമുൾപ്പെടെ ഉദാഹരണത്തിന് വെള്ളയമ്പലം-ശാസ്തമംഗലം, പട്ടം-കവടിയാർ, കവടിയാർ-പേരൂർക്കട-വഴയില, എൽ.എം.എസ്.-അട്ടക്കുളങ്ങര, നന്ദാവനം-ബേക്കറി-അട്ടക്കുളങ്ങര ഇതൊക്കെ ഈസ്റ്റ് മണ്ഡലമാണ്. ശ്രീവരാഹം-ഈഞ്ചയ്ക്കൽ, ജി.ജി. ഹോസ്പിറ്റൽ-പുത്തി-കിംസ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇതിന്റെ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നു. ഈ വർഷമുണ്ടായ അഭൂതപൂർവ്വമായ മഴ നഗരറോഡ് നിർമ്മാണ പ്രവർത്തനങ്ങളെ വളരെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഇതുമൂലം രണ്ടാംഘട്ട റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാൻ സാധിച്ചില്ല. രണ്ട് മാസക്കാലത്തിനുള്ളിൽ ഇതെല്ലാം പൂർത്തീകരിക്കുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി. (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 5/2010/ സിഎസ്ഐഎൻ.ഡി. തീയതി 30-4-2010 (എസ്.ആർ.ഒ. നമ്പർ 424/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
2. സ.ഉ.(അച്ചടി) നമ്പർ 22/2010/ഉഭപവ തീയതി 29-6-2010 (എസ്.ആർ.ഒ. നമ്പർ 681/2010).
3. തിരുത്തൽ വിജ്ഞാപനം നമ്പർ 1520/ഡി2/2010/ഗത്ത. തീയതി 29-6-2010 (എസ്ആർഒ നമ്പർ 645/2009-ന്റെ തിരുത്ത്).
4. തിരുത്തൽ വിജ്ഞാപനം നമ്പർ 9613/ഡി2/2010/ഗത്ത. തീയതി 17-8-2010 (എസ്ആർഒ നമ്പർ 645/2009-ന്റെ തിരുത്ത്).
5. തിരുത്തൽ വിജ്ഞാപനം നമ്പർ 9513/ഡി2/2010/ഗത്ത. തീയതി 14-9-2010 (എസ്ആർഒ നമ്പർ 645/2009-ന്റെ തിരുത്ത്).
6. തിരുത്തൽ വിജ്ഞാപനം നമ്പർ 10574/ഡി2/2010/ഗത്ത. തീയതി 29-9-2010 (എസ്.ആർ.ഒ. നമ്പർ 645/2009-ന്റെ തിരുത്ത്).

LIBRARY ARCHIVES Kerala Legislative Assembly